# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

**ടാക്സ് ടവർ, കിള്ളിപ്പാലം**
**കരമന, തിരുവനന്തപുരം**
**തീയതി:19-03-2025**

# പത്രക്കുറിപ്പ്

## പുതിയ സാമ്പത്തിക വർഷത്തിന് (2025-2026) മുന്നോടിയായി ജി.എസ്.ടി നികുതിദായകരായ വ്യാപാരികൾ ശ്രദ്ധിക്കേണ്ടവ

തിരുവനന്തപുരം: ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള എല്ലാ വ്യാപാരികളും 2025-26 സാമ്പത്തിക വർഷത്തിൽ തങ്ങളുടെ വ്യാപാര ഇടപാടുകൾക്ക് അനുസൃതമായി, നിയമപരമായി പാലിക്കേണ്ടതായ വിവിധ നടപടിക്രമങ്ങളെ സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്:

1.ജി.എസ്.ടി നിയമ പ്രകാരം 2025-2026 സാമ്പത്തിക വർഷം മുതൽ പുതുതായി കോമ്പോസിഷൻ സ്കീം തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന അർഹരായ നികുതിദായകർ , പ്രസ്തുത സ്കീം തിരഞ്ഞെടുക്കുവാനുള്ള ഓപ്ഷൻ, നിയമപ്രകാരം 31 മാർച്ച് 2025 നോ അതിന് മുൻപോ തന്നെ ഫയൽ ചെയ്യേണ്ടതാണ് . നിലവിൽ കോമ്പോസിഷൻ സ്കീം പ്രകാരം കച്ചവടം ചെയ്യുന്നവർക്ക് പുതുതായി ഇതിനു വേണ്ടി ഓപ്ഷൻ നൽകേണ്ടതില്ല.

2. ജി.എസ്.ടി റൂൾ 46 (ബി) പ്രകാരം എല്ലാ നികുതിദായകരും പുതിയ സാമ്പത്തിക വർഷത്തിൽ യൂണീക്ക് ആയ തുടർ സീരീസ്സിൽ ഉള്ള ടാക്സ് ഇൻവോയ്സുകൾ ആണ് ഉപയോഗിക്കേണ്ടത്. വരും സാമ്പത്തിക വർഷത്തിൽ പ്രസ്തുത റൂൾ പ്രകാരമുള്ള നിയമപരമായ ബാധ്യത പാലിക്കപ്പെടുന്നുണ്ട് എന്ന് എല്ലാ നികുതിദായകരും ഉറപ്പ് വരുത്തേണ്ടതാണ്.

3. 2017-2018 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഏതെങ്കിലും ഒരു

സാമ്പത്തിക വർഷത്തിൽ, ഒരു പാനിൽ (PAN) രാജ്യമാകമാനമുള്ള ജി.എസ്.ടി രജിസ്ട്രേഷനുകളിലെയും മൊത്ത വാർഷിക വിറ്റുവരവ് (Aggregate Turnover) 5 കോടി കടന്നിട്ടുള്ള നികുതിദായകർ നിബന്ധനകൾക്കനുസൃതമായി 2025 ഏപ്രിൽ 1 മുതൽ സാധനങ്ങളുടെയോ , സേവനങ്ങളുടെയോ സപ്ലൈയുമായി ബന്ധപ്പെട്ട എല്ലാ ബിസിനസ് - ടു- ബിസിനസ് ( B to B) ഇടപാടുകളിൽ നിർബന്ധമായും ഇ - ഇൻവോയ്സിങ് ചെയ്യേണ്ടതാണ് . ഇ -ഇൻവോയ്സിങ് ബാധ്യതയുള്ള വ്യാപാരി ഇ - ഇൻവോയ്സിങ് നടത്തിയില്ലെങ്കിൽ സ്വീകർത്താവിന് ഇൻപുട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടാവില്ല. ആയതിനാൽ, പ്രസ്തുത പരിധിയിൽ വരുന്ന നിയമപരമായ ബാധ്യതയുള്ള എല്ലാ നികുതിദായകരും കർശനമായി ഇ-ഇൻവോയ്സുകൾ നൽകേണ്ടതാണ്. അപ്രകാരം ചെയ്യാതിരുന്നാൽ ജി.എസ്.ടി നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയും, ശിക്ഷാ നടപടികൾ നേരിടേണ്ടി വരുകയും ചെയ്യും.

4.ജി.എസ്.ടി.ആർ- 1/ 3-ബി റിട്ടേണുകൾ ഫയൽ ചെയ്യുന്ന നികുതിദായകർക്കുള്ള ത്രൈമാസ റിട്ടേൺ ഫയലിംഗ് സ്കീമായ ക്യൂ.ആർ.എം.പി (QRMP) , 2025-2026 സാമ്പത്തിക വർഷത്തെ ആദ്യ പാദം മുതൽ തന്നെ ( 2025 ഏപ്രിൽ 1 മുതൽ) പ്രയോജനപ്പെടുത്തുവാനുള്ള ഓപ്ഷൻ ഫയൽ ചെയ്യുവാനുള്ള അവസരം 2025 ഏപ്രിൽ 30 വരെ ജി.എസ്.ടി പോർട്ടലിൽ ലഭ്യമാണ്. നിലവിൽ ക്യൂ.ആർ.എം.പി (QRMP) സ്കീമിൽ ഉള്ളവർക്ക് സാധാരണ പോലെ പ്രതിമാസ റിട്ടേൺ ഫയൽ ചെയ്യുന്ന രീതിയിലേക്ക് മാറുവാനുള്ള സൗകര്യവും ഇതോടൊപ്പം ലഭ്യമാണ്. ഓർക്കുക, പാൻ (PAN) അടിസ്ഥാനമാക്കിയുള്ള 2024-25 സാമ്പത്തിക വർഷത്തെ മൊത്ത വിറ്റുവരവ് (Aggregate Turnover) 5 കോടിയിൽ കവിയാത്തവർക്കാണ് 2025-26 സാമ്പത്തിക വർഷത്തിൽ ഈ ആനുകൂല്യത്തിനുള്ള അർഹത ലഭിക്കുക.

5 .ഐ.ജി.എസ്.ടി (IGST) അടയ്ക്കാതെ വിദേശ രാജ്യങ്ങളിലേക്കോ, സെസ്സ് യൂണിറ്റുകളിലേക്കോ ,സാധനങ്ങളോ , സേവനങ്ങളോ കയറ്റുമതി ചെയ്യുന്ന എല്ലാ നികുതിദായകരും , എല്ലാ സാമ്പത്തിക വർഷവും കയറ്റുമതി നടത്തുന്നതിന് മുൻപ് തന്നെ ലെറ്റർ ഓഫ് അണ്ടർടേക്കിങ് ( LUT ) FORM GST RFD 11 -ൽ കമ്മീഷണർ മുൻപാകെ ഫയൽ ചെയ്യേണ്ടതാണ്. ആയതിലേക്കായി 2025-2026 സാമ്പത്തിക വർഷത്തെ ലെറ്റർ ഓഫ് അണ്ടർടേക്കിങ് (LUT) സമർപ്പിക്കുവാനുള്ള സൗകര്യം 01/04/2025 മുതൽ ജി.എസ്.ടി കോമൺ പോർട്ടലിൽ ലഭ്യമാകുന്നതാണ്. മേൽ പ്രകാരമുള്ള കയറ്റുമതി നടത്തുന്നവർ , വീഴ്ച വരാതെ, ആദ്യ കയറ്റുമതിക്ക് മുൻപ് തന്നെ പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ്.

6. 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലേക്ക് സെക്ഷൻ 73 പ്രകാരം നികുതി നിർണ്ണയ ഉത്തരവുകൾ ലഭിച്ച നികുതിദായകർ, പലിശയും പിഴയും ഒഴിവാക്കി കിട്ടുന്ന ആംനെസ്റ്റി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന്, 2025 മാർച്ച് 31 നുള്ളിൽ പ്രസ്തുത ഉത്തരവിലെ നികുതി പൂർണ്ണമായും (സെക്ഷൻ 16(4) പ്രകാരമുള്ള ഡിമാൻഡിലെ നികുതി ഒഴികെ) ഒടുക്കേണ്ടതാണ്. ഈ പദ്ധതിയിൽ ചേരുന്നതിനുള്ള അപേക്ഷ 2025 ജൂൺ 30-നുള്ളിൽ ഫയൽ ചെയ്യാവുന്നതാണ്.

7. 2017-18 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ഏതെങ്കിലും വർഷങ്ങളിൽ GSTR - 9C ഫയൽ ചെയ്യുവാൻ ബാധ്യതയുണ്ടായിട്ടും ഫയൽ ചെയ്യാത്തവർ 2025

മാർച്ച് 31-ന് മുൻപ് ഫയൽ ചെയ്യുകയാണെങ്കിൽ ആയതിന്റെ ലേറ്റ് ഫീ ഒഴിവായി കിട്ടുന്നതാണ്. (2017-18-ൽ മൊത്തം വിറ്റുവരവ് രണ്ട് കോടി കടന്നവർക്കും, 2018-19 മുതൽ അഞ്ചുകോടി കടന്നവർക്കുമാണ് GSTR - 9C ബാധകമാകുന്നത്).

8. Hotel accommodation ലെ ഏതെങ്കിലും ഒരു unit of accommodation ന് 2024-25 ൽ പ്രതിദിന വാടകയായി 7500 രൂപയിൽ കൂടുതൽ "Value of supply" ആയി ഈടാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഹോട്ടൽ "specified premises" ആകുകയും, അത്തരം Hotel Accommodation നോട് ഒപ്പമുള്ള റെഗുലർ രജിസ്ട്രേഷൻ ഉള്ള Restaurants തങ്ങളുടെ restaurant services ന് , 2025 ഏപ്രിൽ 1 മുതൽ 18% ജി.എസ്.ടി. ഈടാക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള Restaurants ന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ച് restaurant services ന്റെ ജി.എസ്.ടി. അടയ്ക്കാനും സാധിക്കും. ഇപ്രകാരം "Specified premises" അല്ലാത്ത Hotel Accommodation നോട് ഒപ്പമുള്ള റെഗുലർ രജിസ്ട്രേഷൻ ഉള്ള Restaurants നും തങ്ങളുടെ സ്ഥാപനം "specified premises" ലെ Restaurant ആയി ഡിക്ലയർ ചെയ്യാവുന്നതാണ്. ഇപ്രകാരം ഡിക്ലയർ ചെയ്യുന്നതിന് കേന്ദ്രവിജ്ഞാപനം 05/ 2025 - CT (R) ൽ നൽകിയിട്ടുള്ള "Annexure VII" ഫയൽ ചെയ്യേണ്ട അവസാന അവസാന തിയ്യതി 2025 മാർച്ച് 31 ആണ്. ഈ Annexure ഫയൽ ചെയ്യുന്നതിലൂടെ "Specified premises" ൽ അല്ലാത്ത Restaurants ന് , തങ്ങളുടെ restaurant services ന് 2025 ഏപ്രിൽ 1 മുതൽ 18% ജി.എസ്.ടി. ഈടാക്കാനും, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ച് restaurant services ന്റെ ജി.എസ്.ടി. അടയ്ക്കാനും സാധിക്കും.

9. Hotel accommodation ലെ ഏതെങ്കിലും ഒരു unit of accommodation ന് 2024-25 ൽ പ്രതിദിന വാടകയായി "Declared Tariff" 7500 രൂപയിൽ കൂടുതൽ ഉണ്ടായിരുന്നെങ്കിൽ പ്രസ്തുത ഹോട്ടൽ "specified premises" ആകുകയും, അത്തരം Hotel Accommodation നോട് ഒപ്പമുള്ള റെഗുലർ രജിസ്ട്രേഷൻ Restaurants തങ്ങളുടെ restaurant services ന് 2024-25 ൽ 18% നിരക്കിലാണ് ജി.എസ് .ടി ബാധകമാകുന്നത്. എന്നാൽ, ഇത്തരത്തിലുള്ള Hotel accommodation ലെ "Declared Tariff" 7500 രൂപയിൽ കൂടുതൽ ഉള്ള unit of accommodation ന് 2024-25 ൽ പ്രതിദിനവാടകയായി (Value of supply) 7500 രൂപയോ അതിൽ കുറവോ ആണ് ഈടാക്കിയിട്ടുള്ളതെങ്കിൽ അത്തരം Hotel Accommodation നോട് ഒപ്പമുള്ള റെഗുലർ രജിസ്ട്രേഷൻ Restaurants 2025 മാർച്ച് 31 നുള്ളിൽ "Annexure VII" ഫയൽ ചെയ്യില്ല എങ്കിൽ 2025 ഏപ്രിൽ 1 മുതൽ തങ്ങളുടെ "Restaurant services" ന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഇല്ലാതെ 5% നിരക്കിലാണ് ജി.എസ് .ടി അടയ്ക്കേണ്ടത് .

10. ജി.എസ്.ടി. രജിസ്ട്രേഷനുള്ള Goods Transport Agency (GTA) കൾ , 2025 ഏപ്രിൽ 1 മുതൽ തങ്ങളുടെ സേവനത്തിനുള്ള ജി.എസ്.ടി. ഫോർവേഡ് ചാർജ്ജായാണ് അടയ്ക്കുന്നതെങ്കിൽ കേന്ദ്ര വിജ്ഞാപനം 06 / 2023 - CT (R) ൽ നൽകിയിട്ടുള്ള "Annexure V" ഫയൽ ചെയ്യുന്നതിനുള്ള അവസാന തിയ്യതി 2025 മാർച്ച് 31 ആണ്. 2025 ഏപ്രിൽ 1 മുതൽ തങ്ങളുടെ സേവനത്തിന് റിവേഴ്സ് ചാർജ്ജാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ ഇതേ വിജ്ഞാപനത്തിലെ "Annexure VI" ഫയൽ ചെയ്യുന്നതിനുള്ള അവസാന തിയ്യതിയും 2025 മാർച്ച് 31 ആണ്. 2024-25 സാമ്പത്തിക വർഷത്തേക്കായി സ്വീകരിച്ച രീതി 2025-26 ലും അതേപടി തുടരാൻ ഉദ്ദേശിക്കുന്നവർ വീണ്ടും Annexure ഫയൽ ചെയ്യേണ്ടതില്ല.

11. ഒന്നിലധികം സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ ഉണ്ടാവുകയും, അത്തരം സംസ്ഥാനങ്ങളിലെ രജിസ്ട്രേഷനുകൾക്കായി കേന്ദ്രീകൃത പേയ്മെന്റ് നൽകി സേവനം സ്വീകരിക്കുന്നുണ്ടെങ്കിൽ 2025 ഏപ്രിൽ 1 മുതൽ കേന്ദ്രീകൃത പേയ്മെന്റ് നൽകുന്ന സംസ്ഥാനത്തിൽ Input Service Distributor (ISD) രജിസ്ട്രേഷൻ നിർബന്ധമാവുകയും, അതാത് സംസ്ഥാനങ്ങളിലെ രജിസ്ട്രേഷനുകൾക്ക് ബാധകമായ ഇൻപുട് ടാക്സ് ക്രെഡിറ്റ് ISD നിയമപ്രകാരം അതാത് രജിസ്ട്രേഷനുകളിലേക്ക് ISD ഇൻവോയ്സ് ചെയ്ത് വിതരണം നടത്തേണ്ടതുമാണ് .

മേൽ സൂചിപ്പിച്ചിരിക്കുന്നവ, ബന്ധപ്പെട്ട എല്ലാ നികുതിദായകരും സമയ ബന്ധിതമായി പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ അറിയിച്ചു.

SD/-

ADDITIONAL COMMISSIONER